സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി** മാഗസിൻ

# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം
Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ** മാഗസിൻ

2023 ജൂൺ 27 ചൊവ്വ | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

# ഹിമാചലിൽ ഉരുൾപ്പൊട്ടൽ; ആറ് മരണം, 10 പേർക്ക് പരുക്ക്



ഷിംല: ഉരുൾപ്പൊട്ടലിൽ ഹിമാചൽ പ്രദേശിൽ ആറ് പേർ മരിക്കുകയും 10 പേർക്ക് പരുക്കേൽക്കുകയും ചെയ്തതായി ഡിസാസ്റ്റർ മാനേജ്മെന്റ് പ്രിൻസിപ്പൽ സെക്രട്ടറി ഓംകർ ചന്ദ്ശർമ്മ അറിയിച്ചു. വ്യത്യസ്തയിടങ്ങളിൽ മണ്ണിടിച്ചിലടക്കമുണ്ടായതായും 303ഓളം മൃഗങ്ങൾ ചത്തതായും അദ്ദേഹം പറഞ്ഞു.

രണ്ട് ദേശീയ പാതകൾ ഉൾപ്പെടെ 124 റോഡുകൾ തകർന്നു. മണ്ണിടിച്ചിൽ മൂലം ചണ്ഡിഗഢ്-മണാലി പാതയിൽ മാണ്ഡിയിൽ നിരവധി സഞ്ചാരികൾ കുടുങ്ങിയിരിക്കുകയാണ്. പാതയിൽ 15 കിലോമീറ്ററോളം ഗതാഗത തടസ്സം രൂപപ്പെട്ടു. സമീപത്തെങ്ങും ഭക്ഷണത്തിനോ താമസത്തിനോ ഹോട്ടലുകൾ പോലും ഇല്ലാത്ത ഭാഗത്താണ് വാഹനങ്ങൾ കുടുങ്ങിക്കിടക്കുന്നത്. ശക്തമായ മഴയാണ് ഞായറാഴ്ച മുതൽ മാണ്ഡിയിലുള്ളത്. റോഡിലേക്ക് വൻ പാറകളും മറ്റും വീണതോടെയാണ് ഗതാഗതം പൂർണമായും തടസ്സപ്പെട്ടത്. സ്ഫോടകവസ്തുക്കളും മറ്റുമുപയോഗിച്ച് ദേശീയപാതയിൽ വീണുകിടക്കുന്ന പാറക്കഷ്ണങ്ങൾ പൊട്ടിച്ചുനീക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചതായി അധികൃതർ അറിയിച്ചു.

← ഉരുൾപ്പൊട്ടലിനെ തുടർന്നുണ്ടായ റോഡിലെ തടസം നീക്കുന്ന എസ്.ഡി.ആർ.എഫ്, എൻ.ഡി.ആർ.എഫ് ഉദ്യോഗസ്ഥർ



## പ്രധാനമന്ത്രി അഞ്ച് വന്ദേഭാരത് ട്രെയിനുകൾ ഇന്ന് രാജ്യത്തിന് സമർപ്പിക്കും; ഉദ്ഘാടന ചടങ്ങുകൾ ഭോപ്പാലിൽ


ഭോപ്പാൽ: അഞ്ച് വന്ദേഭാരത് ട്രെയിനുകൾ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് രാജ്യത്തിന് സമർപ്പിക്കും. രണ്ട് ട്രെയിനുകൾ മധ്യപ്രദേശിലും കർണാടകയിലും ബീഹാറിലും ഗോവയിലും ഓരോ വന്ദേഭാരത് ട്രെയിനുകൾ വീതവുമാണ് ഇന്ന് സർവീസ് ആരംഭിക്കുന്നത്. മധ്യപ്രദേശിലെ ഭോപ്പാലിൽ റാണി കമലാപതി റെയിൽവേ സ്റ്റേഷനിൽ വച്ചാണ് ട്രെയിനുകൾ ഫ്ളാഗ്ഓഫ് ചെയ്യുന്നത്. ഭോപ്പാൽ-ഇൻഡോർ, ഭോപ്പാൽ-ജബൽപുർ എന്നിവയുടെ ഫ്ളാഗ് ഓഫ് മധ്യപ്രദേശിൽ നേരിട്ടു നിർവഹിക്കും. മഹാകാലേശ്വർ, മണ്ടു, മഹേശ്വര്, ഖജുരാഹോ, പന്ന തുടങ്ങിയ വിനോദസഞ്ചാര കേന്ദ്രങ്ങളിലൂടെയാണ് ഭോപ്പാൽ-ഇൻഡോർ വന്ദേഭാരത് സർവീസ് നടത്തുന്നത്. റാഞ്ചി-പട്ന, ധാർവാഡ്-ബംഗളൂരു, ഗോവ-മുംബൈ ട്രെയിനുകളുടെ ഉദ്ഘാടനം വീഡിയോ കോൺഫറൻസിംഗ് വഴിയാകും നടത്തുക. ഇതോടെ രാജ്യത്തെ ആകെ വന്ദേഭാരത് ട്രെയിനുകളുടെ എണ്ണം 23 ആയി. ഭോപ്പാൽ-ജബൽപൂർ വന്ദേ ഭാരത് എക്സ്പ്രസ് സംസ്ഥാനത്തെ നിരവധി വിനോദസഞ്ചാര കേന്ദ്രങ്ങളിലൂടെയാണ് കടന്നുപോകും. ഈ റൂട്ടിൽ നിലവിലെ ഏറ്റവും വേഗതയേറിയ ട്രെയിനെക്കാൾ മുപ്പത് മിനിട്ട് കുറവ് സമയത്തിൽ ലക്ഷ്യസ്ഥാനത്തെത്താൻ വന്ദേഭാരതിന് കഴിയും. ബീഹാറിന് ലഭിക്കുന്ന ആദ്യ വന്ദേഭാരതാണ് ഇന്ന് ഫ്ളാഗ് ഓഫ് ചെയ്യുന്നത്. കർണാടകയ്ക്ക് ഇത് രണ്ടാമത്തെ വന്ദേഭാരതാണ് ലഭിക്കുന്നത്. നിലവിൽ ചെന്നൈ-മൈസൂർ വന്ദേഭാരത് എക്സ്പ്രസ് ട്രെയിൻ കർണാടകയിൽ സർവീസ് നടത്തുന്നുണ്ട്.

## വ്യാജ ബിരുദ സർട്ടിഫിക്കറ്റ് കേസ്; അബിൻ സി. രാജ് പോലിസ് കസ്റ്റഡിയിൽ



കൊച്ചി: വ്യാജ ബിരുദ സർട്ടിഫിക്കറ്റ് കേസിൽ എസ്.എഫ്.ഐ കായംകുളം മുൻ ഏരിയാ പ്രസിഡന്റായ അബിൻ സി. രാജിനെ കായംകുളം പോലിസ് കസ്റ്റഡിയിലെടുത്തു. മാലിദ്വീപിൽ അധ്യാപകനായി ജോലി ചെയ്യുകയായിരുന്ന അബിനെ നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്നാണ് കസ്റ്റഡിയിലെടുത്തത്. എന്നാൽ, കേസിൽ തനിക്ക് യാതൊരു പങ്കും ഇല്ലെന്നും തന്റെ പേര് മനഃപൂർവം ഇതിലേക്ക് വലിച്ചിഴച്ചതാണെന്നും അബിൻ പോലിസിനോട് പറഞ്ഞു. രണ്ട് ലക്ഷം രൂപയ്ക്ക് വ്യാജ സർട്ടിഫിക്കറ്റ് തരപ്പെടുത്തി നൽകിയത് അബിനാണെന്നാണ് വ്യാജസർട്ടിഫിക്കറ്റ് കേസിലെ പ്രതിയും എസ്.എഫ്.ഐ മുൻ ഏരിയ സെക്രട്ടറിയുമായ നിഖിൽ തോമസിന്റെ മൊഴി. മാലിദ്വീപിൽ അധ്യാപകനായി ജോലി ചെയ്യുകയായിരുന്ന അബിൻ ഉടൻ നാട്ടിലെത്തിയില്ലെങ്കിൽ റെഡ് കോർണർ നോട്ടീസ് പുറപ്പെടുവിക്കുമെന്ന് പോലിസ് ഇയാളെ അറിയിച്ചിരുന്നു. നിഖിലിനെയും അബിനെയും ഒരുമിച്ച് ചോദ്യം ചെയ്യുമെന്ന് പോലിസ് അറിയിച്ചു. നിഖിൽ തോമസുമായുള്ള തെളിവെടുപ്പ് ഇന്നും തുടരും. നിഖിലിന്റെ വീട്ടിൽ നിന്ന് വ്യാജ ഡിഗ്രി സർട്ടിഫിക്കറ്റുകൾ കണ്ടെടുത്ത സാഹചര്യത്തിൽ ഇയാൾ സർട്ടിഫിക്കറ്റ് ഉണ്ടാക്കിയ എറണാകുളത്തെ ഏജൻസിയിലും എം.എസ്.എം കോളേജിലും പോലിസ് തെളിവെടുപ്പ് നടത്തും. എന്നാൽ, സർട്ടിഫിക്കറ്റ് ഉണ്ടാക്കിയ ഏജൻസി ഇപ്പോൾ പ്രവർത്തിക്കുന്നില്ലെന്നാണ് റിപ്പോർട്ട്. ഏഴ് ദിവസത്തേക്കാണ് നിഖിലിനെ പോലിസ് കസ്റ്റഡിയിൽ എടുത്തത്.

## അബ്ദുൾ നാസർ മദനിക്ക് ദേഹാസ്വാസ്ഥ്യം: ആശുപത്രിയിൽ പ്രവേശിപ്പിച്ചു



കൊച്ചി: ബാംഗ്ലൂരിൽ നിന്ന് തിങ്കളാഴ്ച കേരളത്തിലെത്തിയ പി.ഡി.പി ചെയർമാൻ അബ്ദുൾ നാസർ മദനിക്ക് ദേഹാസ്വാസ്ഥ്യം. വൈകീട്ട് ഏഴരയോടെ നെടുമ്പാശേരി വിമാനത്താവളത്തിലെത്തിയ മഅദനി അൻവാർശേരിയിലേക്കു പോവും വഴിയ്ക്കാണ് ദേഹാസ്വാസ്ഥ്യമുണ്ടായത്. തുടർന്ന് കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. ചികിത്സയിൽ കഴിയുന്ന പിതാവിനെ കാണുന്നതിനായി സുപ്രീം കോടതി അനുമതിയോടെയാണ് മദനി തിങ്കളാഴ്ച കേരളത്തിലെത്തിയത്. ബാംഗ്ലൂർ സ്ഫോടനക്കേസിൽ ജാമ്യവ്യവസ്ഥയിൽ കഴിയുകയായിരുന്നു അദ്ദേഹം. കോടതി നിർദേശം അനുസരിച്ച് കർണാടക പോലീസിന്റെ സംരക്ഷണത്തിലാണ് കേരളത്തിലെത്തിയിരിക്കുന്നത്. യാത്രയുടേയും പോലിസിന്റെയും സകല ചിലവുകളും മദനി തന്നെ വഹിക്കണമെന്നാണ് ഉത്തരവ്.

## അഞ്ച് ദിനം വ്യാപക മഴയ്ക്ക് സാധ്യത

# കേരളത്തിൽ ഒമ്പത് ജില്ലകളിൽ ജാഗ്രത



തിരുവനന്തപുരം: കാലവർഷം സംസ്ഥാനത്ത് ശക്തമായി. വടക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ന്യൂനമർദ്ദവും തെക്കൻ ഗുജറാത്ത് തീരം മുതൽ കേരള തീരം വരെ ന്യൂനമർദ്ദ പാത്തി നിലനിൽക്കുന്നതുമാണ് കേരളത്തിൽ കാലവർഷം കനക്കാൻ കാരണം. മഴ ശക്തമായതിനെ തുടർന്ന് ജാഗ്രത പുലർത്താൻ അധികൃതർ മുന്നറിയിപ്പ് നൽകിട്ടുണ്ട്. ഒമ്പത് ജില്ലകളിലാണ് ജാഗ്രതാ നിർദേശം നൽകിയിരിക്കുന്നത്. എട്ട് ജില്ലകളിൽ യെല്ലോ അലർട്ടും ഇടുക്കി ജില്ലയിൽ ഓറഞ്ച് അലർട്ടുമാണ് പ്രഖ്യാപിച്ചിരിക്കുന്നത്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിലാണ് ഇന്ന് യെല്ലോ അലർട്ട്. സംസ്ഥാനത്ത് അഞ്ച് ദിവസം വ്യാപകമായ മഴയുണ്ടാകും എന്നാണ് കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്. അടുത്ത വെള്ളിയാഴ്ച വരെ കേരള-കർണാടക തീരങ്ങളിലും ലക്ഷദ്വീപ് പ്രദേശങ്ങളിലും മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. കേരള കർണാടക തീരങ്ങളിലും ലക്ഷദ്വീപ പ്രദേശങ്ങളിലും മണിക്കൂറിൽ 40 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യത. കേരള തീരത്ത് (വിഴിഞ്ഞം മുതൽ കാസർകോട് വരെ) 27-06-2023 രാത്രി 11.30 വരെ 2.3 മുതൽ 2.8 മീറ്റർ വരെ ഉയരത്തിൽ തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും ആയതിന്റെ വേഗത സെക്കൻഡിൽ 51 സെന്റിമീറ്ററിനും 63 സെന്റിമീറ്ററിനും ഇടയിൽ മാറി വരുവാൻ സാധ്യതയുണ്ടെന്നും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

# റഷ്യയിൽ അട്ടിമറി ലക്ഷ്യമിട്ടിരുന്നില്ല; വാഗ്നർ ഗ്രൂപ്പ് മേധാവി യെവ്ഗെനി പ്രിഗോസിൻ



മോസ്കോ: പുടിൻ സർക്കാരിനെ അട്ടിമറിക്കാനുള്ള ലക്ഷ്യം തങ്ങൾക്കില്ലായിരുന്നുവെന്ന് റഷ്യൻ സ്വകാര്യ സൈനികരായ വാഗ്നർ ഗ്രൂപ്പിന്റെ മേധാവി യെവ്ഗെനി പ്രിഗോസിൻ. പ്രതിഷേധം അറിയിക്കുക മാത്രമായിരുന്നു മോസ്കോയിലേക്കുള്ള തങ്ങളുടെ മാർച്ചിന്റെ ലക്ഷ്യമെന്നും പ്രിഗോസിൻ പറയുന്നു. സായുധരായി മോസ്കോയെ ലക്ഷ്യമിട്ട് നീങ്ങിയ വാഗ്നർ ഗ്രൂപ്പ് പിന്നീട് അതിൽ നിന്ന് പിൻമാറിയിരുന്നു. ഒരു ദിവസം കഴിഞ്ഞപ്പോഴാണ് 11 മിനിറ്റ് ദൈർഘ്യമുള്ള വീഡിയോയിൽ പ്രിഗോസിൻ വാഗ്നർ സേനയുടെ ലക്ഷ്യം സംബന്ധിച്ച വെളിപ്പെടുത്തലുകൾ നടത്തിയത്. വാഗ്നർ സേനയ്ക്ക് നേരെയുണ്ടായ ആക്രമണങ്ങളിലുള്ള പ്രതിഷേധം ഒരുവശത്തുണ്ടായിരുന്നു. ഇതിന് കാരണക്കാരായ റഷ്യൻ സൈനിക ഉദ്യോഗസ്ഥരുടെ പിഴവുകൾ ചൂണ്ടിക്കാട്ടുകയും ലക്ഷ്യമായിരുന്നുവെന്ന് പ്രിഗോസിൻ പറയുന്നു. റഷ്യൻ സൈന്യത്തെ നിശിതമായ വിമർശിച്ച പ്രിഗോസിൻ, രാജ്യത്തുടനീളം സുരക്ഷാ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെന്നും തന്റെ സേനയ്ക്ക് റഷ്യൻ സേനയെ എളുപ്പം മറികടക്കാനായെന്നും കീഴ്പ്പെടുത്തിയ സ്ഥലങ്ങളിൽ ജനങ്ങളുടെ പിന്തുണ നേടാനായിരുന്നുവെന്നും പ്രിഗോസിൻ പറയുന്നു. യുക്രൈൻ ഓപ്പറേഷൻ വാഗ്നറുകളാണ് നടത്തിയിരുന്നതെങ്കിൽ വളരെ നേരത്തെ തന്നെ അത് അവസാനിക്കുമായിരുന്നുവെന്ന് പ്രിഗോസിൻ പറഞ്ഞു. ജൂലൈയിൽ വാഗ്നർ ഗ്രൂപ്പ് പിരിച്ചുവിട്ട് റഷ്യൻ പ്രതിരോധ സേനയിൽ ലയിപ്പിക്കാൻ ശ്രമം നടത്തിയിരുന്നു, എന്നാൽ പ്രതിരോധ മന്ത്രാലയവുമായി കരാറിലേർപ്പെടുന്നതിനെ തങ്ങളുടെ കമാൻഡർമാർ എതിർത്തു. ഇതിന്റെ വൈരാഗ്യത്തിൽ റഷ്യൻ സൈന്യം ആക്രമണം നടത്തുകയും 30 ഓളം വാഗ്നറുകൾ കൊല്ലപ്പെട്ടുവെന്നും പ്രിഗോസിൻ പറയുന്നു. അതേസമയം വാഗ്നറുകൾ നടത്തിയ സായുധ കലാപത്തിനിടെ പുടിൻ മോസ്കോ വിട്ടിരുന്നുവെന്ന റിപ്പോർട്ടുകളുണ്ടായിരുന്നു. അദ്ദേഹം പിന്നീട് പൊതുമധ്യത്തിൽ വന്നിട്ടില്ല. അതേസമയം വാഗ്നർ ഗ്രൂപ്പിനെതിരെ കൂടുതൽ പ്രതിരോധ നടപടികൾ ഉണ്ടാകുമോ എന്ന് വ്യക്തമല്ല.

## രണ്ട് മലയാളി എം. ബി. ബി. എസ് വിദ്യാർഥികൾ റഷ്യയിൽ തടാകത്തിൽ മുങ്ങിമരിച്ചു

കൊല്ലം: മലയാളികളായ രണ്ട് എം.ബി.ബി.എസ് വിദ്യാർഥികൾ റഷ്യയിൽ മുങ്ങി മരിച്ചു. സിദ്ധാർഥ കാഷ്യൂ കമ്പനി ഉടമ കൊല്ലം സ്വദേശികളായ സുനിൽ കുമാറിന്റെയും സന്ധ്യ സുനിൽ കുമാറിന്റെയും മകൻ സിദ്ധാർഥ് സുനിൽ (24), മുഴപ്പിലങ്ങാട് ഗവ. ഹയർ സെക്കൻഡറി സ്കൂളിന് സമീപം ദക്ഷിൺ വീട്ടിൽ പരേതനായ പ്രബനന്റെയും സി.എ ഷർലിയുടെയും ഏക മകൾ പ്രത്യുഷ (24) എന്നിവരാണ് മരിച്ചത്. ഇരുവരും റഷ്യയിലെ തടാകത്തിൽ മുങ്ങി മരിക്കുകയായിരുന്നു. റഷ്യയിലെ സ്മോളൻസ്ക് സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ അവസാന വർഷ എം.ബി.ബി.എസ് വിദ്യാർഥികളാണ് ഇരുവരും. കഴിഞ്ഞദിവസം ഫോണിൽ അമ്മയെ വിളിച്ചപ്പോൾ തടാകം കാണാൻ അഞ്ചുപേരടങ്ങുന്ന സംഘത്തോടൊപ്പം പോകുന്നതായി പറഞ്ഞിരുന്നു. തടാകത്തിൽ തെന്നിവീണ പ്രത്യുഷയെ രക്ഷിക്കാനുള്ള ശ്രമത്തിനിടെയാണ് സിദ്ധാർത്ഥ് അപകടത്തിൽ പെട്ടത്. മൃതദേഹം നാട്ടിലെത്തിക്കുന്നതിന് സഹായം അഭ്യർഥിച്ച് അമ്മ ഷർലി മുഖ്യമന്ത്രിക്ക് നിവേദനം നൽകി.

# ആഫ്രിക്കൻ പന്നിപ്പനി; തൃശൂർ, ഇടുക്കി, കണ്ണൂർ ജില്ലകളിൽ നിരോധനം ജൂലൈ 15 വരെ നീട്ടി

തൃശൂർ: ജില്ലയിലെ കോടശ്ശേരി, ഇടുക്കി ജില്ലയിലെ വാത്തിക്കുടി, കണ്ണൂർ ജില്ലയിലെ ഉദയഗിരി എന്നീ പഞ്ചായത്തുകളിലെ പന്നി ഫാമുകളിൽ ആഫ്രിക്കൻ പന്നിപ്പനി റിപ്പോർട്ട് ചെയ്തു. നിലവിൽ ബീഹാർ ഉൾപ്പെടെയുള്ള ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ആഫ്രിക്കൻ പന്നിപ്പനി (എ.എസ്.എഫ്) വീണ്ടും സ്ഥിരീകരിച്ചതിനാൽ രോഗബാധിത സ്ഥലങ്ങളിൽ നിന്ന് കേരളത്തിനകത്തേക്കും പുറത്തേക്കുമുള്ള പന്നികൾ, പന്നിയിറച്ചി, പന്നിയിതര ഉൽപ്പന്നങ്ങൾ എന്നിവയുടെ വിൽക്കൽ-വാങ്ങൽ നിരോധിച്ച് മൃഗസംരക്ഷണ വകുപ്പ് ഉത്തരവിറക്കി. മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി പ്രണബ് ജ്യോതിനാഥ് ഐ.എസ് ആണ് ഉത്തരവിറക്കിയത്.



മൃഗസംരക്ഷണ നിർദേശങ്ങൾ: ആഫ്രിക്കൻ പന്നിപ്പനി കർഷകരുടെ ശ്രദ്ധയ്ക്ക്

ആഫ്രിക്കൻ സൈ്വൻ ഫീവർ ജന്തുജന്യരോഗമല്ലാത്തതിനാൽ മനുഷ്യർ ആശങ്കപ്പെടേണ്ടതില്ല. അതേ സമയം ഈ രോഗം പന്നികളിൽ അതീവമാരകവും സാംക്രമികവുമാണ്. പന്നി വളർത്തൽ മേഖലയെ മുഴുവനായും തുടച്ചുനീക്കാൻ പ്രഹരശേഷിയുള്ള ഈ പകർച്ചവ്യാധിയിൽ നിന്നും പന്നികളെയും അത് മൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിൽ നിന്ന് പന്നിക്കർഷകരേയും സംരക്ഷിച്ചു നിർത്തേണ്ടത് അനിവാര്യമാണ്.

പാലിക്കേണ്ടവ...

**1.** രോഗലക്ഷണങ്ങൾ ഉള്ളതോ സമ്പർക്കത്തിൽ വന്നതോ ആയ മൃഗങ്ങളെ നിരീക്ഷണത്തിലാക്കുകയും ഫാമിൽ നിന്നും മൃഗങ്ങളുടെ അകത്തേയ്ക്കോ പുറത്തേയ്ക്കോ ഉള്ള സഞ്ചാരം ഒഴിവാക്കണം. **2.** പന്നികൾ അസാധാരണമായോ കൂട്ടത്തോടെയോ ചാകുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടേണ്ടതാണ്. **3.** കാട്ടുപന്നികളും അലഞ്ഞുതിരിയുന്ന പന്നികളും ഫാമുകളിൽ പ്രവേശിക്കാതെ വേലികെട്ടി നിയന്ത്രിക്കണം. **4.** അടുക്കള,ഹോട്ടൽ മാലിന്യങ്ങൾ പ്രത്യേകിച്ച് മാംസം അടങ്ങിയവ ഭക്ഷണമായി നൽകുന്നത് കഴിവതും ഒഴിവാക്കണം. അനിവാര്യമെങ്കിൽ നന്നായി വേവിച്ച് നൽകണം. **5.** ഫാമിലെ മാലിന്യങ്ങളും തീറ്റയും മറ്റ് സാധനങ്ങളുമെല്ലാം അണുനശീകരണം നടത്തി സംസ്ക്കരിക്കണം. **6.** ഫാം ഉടമകൾ കൃത്യമായ ശുചിത്വം പാലിച്ച് ഫാമുകളിൽ അണുനാശനം നടത്തണം. **7.** പട്ടുണ്ണികളെ അകറ്റാൻ നിയന്ത്രണമാർഗ്ഗങ്ങൾ കൈക്കൊള്ളണം. **8.** പന്നികൾ സസ്യഭോജനമാണെങ്കിൽ 20 മിനിറ്റ് നേരം തിളപ്പിച്ചത് മാത്രം നൽകുക. **9.** പുതുതായി വാങ്ങുന്ന മൃഗങ്ങളെ 30 ദിവസം നിരീക്ഷണത്തിൽ മാറ്റി പാർപ്പിക്കണം. **10.** ഫാമിലേക്ക് വരികയോ പോവുകയോ ചെയ്യുന്ന വാഹനങ്ങൾ കൃത്യമായി അണുനാശനം ചെയ്യണം. സോഡിയം ഹെപ്പോ ക്ലോറെറ്റ്, സോഡിയം ഹെഡ്രോക്സൈഡ്, കുമ്മായം, പെർ അസെറ്റിക് ആസിഡ് എന്നിവ അണുനാശിനികളായി ഉപയോഗിക്കാം. **11.** ഫാമിലേക്കുള്ള സന്ദർശകരെ ക്രമപ്പെടുത്തി അവരുടെ പേരുവിവരങ്ങൾ സൂക്ഷിക്കണം. **12.** ഫാമിൽ പ്രവേശിക്കുന്നതിനുമുമ്പ് കുളിച്ച് പ്രത്യേക വസ്ത്രങ്ങൾ ധരിച്ച് കൈകൾ അണുനാശനം ചെയ്യണം. **13.** പന്നികളുമായി മറ്റു മൃഗങ്ങൾ, എലികൾ, പക്ഷികൾ എന്നിവ സമ്പർക്കത്തിൽ വരാതെ സൂക്ഷിക്കണം. **14.** ഫാമിലെ തൊഴിലാളികളെ രോഗത്തേയും രോഗലക്ഷണങ്ങളെക്കുറിച്ചും ബോധവാന്മാരാക്കുക.

# അവഗണിക്കരുത് ഹൃദയാഘാതത്തിന്റെ ലക്ഷണങ്ങൾ

ലോകത്താകമാനമായി സംഭവിക്കുന്ന 32% മരണങ്ങളും ഹൃദയ സംബന്ധമായ അസുഖങ്ങൾ മൂലമുണ്ടാകുന്നതാണ്. ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ പ്രകാരം ഹൃദ്രോഗങ്ങൾ കാരണം വർഷവും 18 ദശലക്ഷത്തോളം പേർക്ക് ജീവൻ നഷ്ടപ്പെടുന്നു. ഇതിൽ തന്നെ ഹൃദ്രോഗം മൂലമുള്ള മരണങ്ങളിൽ 85%വും ഹൃദയാഘാതവും പക്ഷാഘാതവും മൂലമാണ്.ഹൃദയാഘാതത്തിന്റെ ലക്ഷണങ്ങൾ തിരിച്ചറിയാൻ എളുപ്പമല്ല എന്നതാണ് മരണസംഖ്യ കൂടുന്നതിന് ഒരു കാരണം. മറ്റെന്തെങ്കിലും രോഗമോ അവസ്ഥയോ ആണെന്ന് തെറ്റിദ്ധരിച്ച് രോഗനിർണയം സാധ്യമാകാതെ ഹൃദ്രോഗത്തിനുള്ള കൃത്യമായ ചികിത്സ വൈകിപ്പിക്കുന്ന അവസ്ഥയും ഉണ്ടാകാറുണ്ട്. അതിനാൽ പ്രാരംഭ ലക്ഷണങ്ങൾ എന്താണെന്ന് മനസ്സിലാക്കേണ്ടതാണ്. രോഗാവസ്ഥയുടെ കാഠിന്യം കണക്കിലെടുത്ത്, രോഗത്തിന്റെ ലക്ഷണങ്ങൾ അറിയേണ്ടത് പ്രധാനമാണ്, അതിലൂടെ രോഗത്തിന്റെ ആരംഭം എളുപ്പത്തിൽ തിരിച്ചറിയാനും വൈദ്യസഹായം ലഭ്യമാക്കാനും കഴിയും. എപ്പോഴാണ് ഡോക്ടറുടെ സഹായം തേടേണ്ടതെന്നും അറിഞ്ഞിരിക്കുക.



**ഇടത് തോളിൽ വേദന**

തോളുകളിൽ വേദന സാധാരണ മിക്കവരിലും ഉണ്ടാകുന്ന ഒന്നാണ്. ഇക്കാരണത്താൽ ഹൃദയാഘാതം മൂലം ഉണ്ടായേക്കാവുന്ന നെഞ്ചുവേദനയെ നിസ്സാരമെന്ന് കരുതി തള്ളിക്കളയാറുണ്ട്. അലസവും വ്യായാമമില്ലാത്തതുമായ ജീവിതരീതി ഹൃദയത്തിന്റെ വാൽവുകളിൽ തടസ്സങ്ങൾ സൃഷ്ടിക്കാറുണ്ട്. ദീർഘ നേരം ഇരുന്ന് കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്യുന്നതും മറ്റും കൈകളുംം തോളുകളും ഉപയോഗിക്കുന്നതും തോളിൽ വേദനയുണ്ടാകുന്നതിനാൽ ഹൃദയാഘാതം മൂലമുണ്ടാകുന്ന വേദനയിൽ നിന്ന് വേർതിരിച്ചറിയാൻ ആളുകൾക്ക് ബുദ്ധിമുട്ടാണ്.

**വയറിന്റെ മധ്യഭാഗത്ത് വേദന**

ഇതിനെ എപ്പിഗാസ്ട്രിക് മേഖല എന്ന് വിളിക്കുന്നു. ഇത് ഹൃദയാഘാതവുമായി ബന്ധപ്പെട്ട് വേദനയുണ്ടാകാറുള്ള സ്ഥലമാണിത്. ഇത് സാധാരണയായി വയറിന്റെ മധ്യഭാഗത്ത് കത്തുന്ന വേദന പോലെയാണ് അനുഭവപ്പെടുക. പലരും ഇത് ഗ്യാസ്ട്രിക് അല്ലെങ്കിൽ അസിഡിറ്റി ആണെന്ന് തെറ്റിദ്ധരിക്കപ്പെടാറുണ്ട്.

**ദഹനക്കേട് മൂലമെന്ന് തോന്നിപ്പിക്കുന്ന നെഞ്ച് വേദന**

പല കാർഡിയാക് കേസുകളിലും, ആളുകൾ നെഞ്ചുവേദനയെ ദഹനക്കേട് മൂലമാണെന്ന് തെറ്റിദ്ധരിക്കുന്നതായ് കാണാറുണ്ട്. ഹൃദയാഘാതം മൂലമുണ്ടാകുന്ന നെഞ്ചുവേദനയെക്കുറിച്ചുള്ള അവബോധം കുറവായതിനാൽ ഇത് തിരിച്ചറിയാൻ പ്രയാസമാണ്. ഇത്തരത്തിൽ നെഞ്ച് വേദന വരുമ്പോൾ ആളുകൾ ദഹനക്കേടിനുള്ള പ്രതിവിധികൾ ആരംഭിക്കുകയും ഈ പ്രക്രിയയിൽ യഥാർത്ഥ ചികിത്സ വൈകുകയും ചെയ്യുന്നു. ഹൃദയാഘാതം മൂലമുള്ള നെഞ്ചുവേദന നെഞ്ചിൽ കുത്തുന്ന പോലെയുള്ള വേദനയാണ് അനുഭവപ്പെടുകയെന്ന് വിദഗ്ദ്ധർ പറയുന്നു.

**ബോധക്ഷയം അല്ലെങ്കിൽ അബോധാവസ്ഥയിലാവുക**

നാം പലപ്പോഴും തലകറക്കത്തെയോ ബോധക്ഷയത്തെയോ ക്ഷീണവുമായി ബന്ധപ്പെടുത്താറാണ് പതിവ്. എന്നാൽ ബോധക്ഷയമോ അബോധാവസ്ഥയിലോ ഹൃദയാഘാതത്തിന്റെ നിശ്ശബ്ദമായ ലക്ഷണങ്ങളിലൊന്നാണ്. ഇത് പലപ്പോഴും ഓക്കാനം, ഛർദ്ദി എന്നിവയ്ക്കൊപ്പമാണ് ഉണ്ടാകാറുള്ളത്.

**വിയർപ്പ്**

ഹൃദയാഘാത സാധ്യതയുള്ള രോഗികളിൽ തണുപ്പുള്ള സാഹചര്യത്തിലാണെങ്കിലും രാത്രികളിൽ അസാധാരണയായി വിയർക്കുന്നത് കാണപ്പെടാറുണ്ട്. ഹൃദയാഘാതത്തിന്റെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്ന സ്ത്രീകൾക്കിടയിൽ സാധാരയായി കാണുന്ന ഒരു അടയാളമാണ് ഉറക്കത്തിൽ ഇത്തരത്തിൽ വിയർക്കുന്നത്. ഹൃദയാഘാതം സംഭവിക്കുന്ന സമയത്തോ അല്ലെങ്കിൽ വാൽവുകളിൽ എന്തെങ്കിലും തടസ്സങ്ങളോ നേരിടുന്ന സമയങ്ങളിലോ, ശരീരം രക്തം പമ്പ് ചെയ്യാൻ കൂടുതൽ പരിശ്രമിക്കേണ്ടി വരുന്നതിനാലാണ് ഇത്തരത്തിൽ വിയർപ്പിന് കാരണമാകുന്നത്.

വേദനയുണ്ടായ ഭാഗവും അതിന്റെ സ്വഭാവും കണക്കാക്കി ഇത് ഹൃദയാഘാതമാണോ അതോ മറ്റെന്തെങ്കിലുമോ എന്ന് അറിയാൻ പ്രയാസമാണെങ്കിലും, തീർച്ചയായും ഈ ലക്ഷണങ്ങളെ അവഗണിക്കാതിരിക്കുക. നിങ്ങൾ ഇത്തരത്തിൽ എന്തെങ്കിലും ലക്ഷണങ്ങൾ കാണിക്കുന്നുണ്ടെങ്കിൽ സഹായത്തിനായി ആരെയെങ്കിലും വിളിക്കുക. ശരീരത്തിൽ നിങ്ങൾക്ക് നിയന്ത്രണം നഷ്ടപ്പെടാൻ സാധ്യതയുള്ളതിനാൽ ഇത്തരം സാഹചര്യത്തിൽ സ്വന്തമായി ഡ്രൈവ് ചെയ്യാൻ ശ്രമിക്കരുത്.

# റഷീദ് വെന്നിയൂരിന് സാഹിത്യ എക്സലൻസ് അവാർഡ്

എറണാകുളം: സാഹിത്യ എക്സലൻസ് അവാർഡ് മന്ദാരം പബ്ലിക്കേഷൻ ഡയരക്ടറും എഡിറ്ററും എഴുത്തുകാരനുമായ റഷീദ് വെന്നിയൂരിന് ലഭിച്ചു. എറാണകുളം ടൗൺ ഹാളിൽ വച്ച് നടന്ന സാഹിത്യ സർഗോത്സവ പരിപാടിയോടനുബന്ധിച്ചാണ് അവാർഡ്ദാനവും അനുമോദിക്കലും നടന്നത്. പരിപാടി ടി.ജെ വിനോദ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. ഫാദർ ഡോ.ചെറിയാൻ കനിയന്തോടത്ത് കലാഭാവൻ, ജസ്റ്റിസ് കെ.സുകുമാരൻ, കലാഭവൻ കെ.എസ് പ്രസാദ്, ജാനമ്മ കുഞ്ഞുണ്ണി, ആന്റോ, പൂർണ്ണത്രയീ ജയപ്രകാശ് ശർമ്മ, ലോക കേരള സഭാംഗം പി.കെ കബീർ സലാല, കവയിത്രി വിജയരാജ മല്ലിക, അനസ്ബി, ഇന്ദിര ദേവി തുടങ്ങിയവർ പങ്കെടുത്തു.




'സഞ്ചാരികളുടെ കോഴിക്കോട്' സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന എ.പി അബ്ദുൽ ഹകീം അസ്ഹരി

# സാംസ്കാരിക പൈതൃകം വീണ്ടെടുക്കാൻ ചരിത്രവായന അനിവാര്യം: ഡോ. എ.പി അബ്ദുൽ ഹകീം അസ്ഹരി

കോഴിക്കോട്: നന്മകൾ നിറഞ്ഞ സാംസ്കാരിക പൈതൃകം വീണ്ടെടുക്കാൻ ചരിത്ര വായന അനിവാര്യമെന്ന് എസ്.വൈ.എസ് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. എ.പി അബ്ദുൽ ഹകീം അസ്ഹരി. എസ്.എസ്.എഫ് കോഴിക്കോട് ജില്ലാ സാഹിത്യോത്സവിന്റെ മുന്നോടിയായി കോഴിക്കോട് മാനാഞ്ചിറ സ്ക്വയറിൽ വച്ച് സംഘടിപ്പിച്ച 'സഞ്ചാരികളുടെ കോഴിക്കോട്' സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മുപ്പതിലധികം വിദേശ രാജ്യങ്ങളിൽ നിന്നുള്ളവർ വരെ വൈജ്ഞാനിക സമാഹരണത്തിന് വേണ്ടി ഒരുകാലത്ത് തേടിയെത്തിയ നാടായിരുന്നു കോഴിക്കോട്. ഒരുമിച്ചിരുന്ന് വിദ്യ നുകരാൻ ഇടമൊരുക്കിയ നാടുകൂടിയാണ് കോഴിക്കോട്. ദേശത്തിന്റെ പൈതൃകം വീണ്ടെടുക്കാൻ ചരിത്ര വയനകളാണ് വേണ്ടതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ജില്ലാ പ്രസിഡന്റ് മുഹമ്മദ് റാഫി അഹ്സനി കാന്തപുരം അധ്യക്ഷത വഹിച്ചു. ചരിത്ര ഗവേഷകരായ ഡോ. പി. ശിവദാസൻ, ഡോ. എം. നിസാർ, ഉമൈർ ബുഖാരി ചെറുമുറ്റം സംസാരിച്ചു. അഫ്സൽ പറമ്പത്ത് സ്വാഗതവും മുജീബ് സുറൈജി നന്ദിയും പറഞ്ഞു.



കെ.എസ് ഐശ്വര്യയ്ക്ക് വി.കെ.സി എൻഡോവ്മെന്റ് സമ്മാനിച്ചപ്പോൾ

# വി.കെ.സി എൻഡോവ്മെന്റ് കെ.എസ് ഐശ്വര്യയ്ക്ക്

കോഴിക്കോട്: കാലിക്കറ്റ് സർവകലാശാല കൊമേഴ്സ് ആന്റ് മാനേജ്മെന്റ് സ്റ്റഡീസ് വകുപ്പിലെ എം.ബി.എ 2022 ബാച്ചിൽ ഏറ്റവും ഉയർന്ന മാർക്കോടെ വിജയിച്ച കെ.എസ് ഐശ്വര്യയ്ക്ക് വി.കെ.സി എൻഡോവ്മെന്റ് സമ്മാനിച്ചു. ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും അടങ്ങുന്നതാണ് എൻഡോവ്മെന്റ്. പ്രോ വൈസ് ചാൻസലർ ഡോ. എം. നാസറും വി.കെ.സി ഗ്രൂപ്പ് മാനേജിങ് ഡയരക്ടർ വി.കെ.സി റസാക്കും ചേർന്ന് വിദ്യാർഥിയെ അനുമോദിച്ചു. വകുപ്പ് മേധാവി ഡോ. സി.എച്ച് ശ്രീഷ പങ്കെടുത്തു. വി.കെ.സി ഗ്രൂപ്പിന്റെ 30ാം വാർഷികത്തോടനുബന്ധിച്ച് 2014 മുതലാണ് എൻഡോവ്മെന്റ് പുരസ്കാരങ്ങൾ ഏർപ്പെടുത്തിയത്. 13 സ്കൂളുകൾ, ഗവ. എൻജിനീയറിങ് കോളജ്, കാലിക്കറ്റ് സർവകലാശാല എന്നിവിടങ്ങളിലെ ഉന്നതവിജയം നേടിയ തിരഞ്ഞെടുത്ത വിദ്യാർഥികൾക്കാണ് ഇതു നൽകുന്നത്.

# വിമാനക്കൂലി കൊള്ള ഗൂഢാലോചന വെളിച്ചത്തുകൊണ്ടുവരണം: സി.പി ചെറിയ മുഹമ്മദ്

കോഴിക്കോട്: പ്രവാസികളുടെ നട്ടെല്ലൊടിക്കും വിധം വിമാന യാത്രക്കൂലിയിലുണ്ടായ തീവെട്ടിക്കൊള്ള അവസാനിപ്പിക്കണമെന്നും ഇക്കാര്യത്തിൽ കേന്ദ്ര-സംസ്ഥാന-സർക്കാരുകളും വിമാനക്കമ്പനിയും നടത്തുന്ന ഒളിച്ചുകളി പുറത്തുകൊണ്ടുവരണമെന്നും മുസ്ലിം ലീഗ് സംസ്ഥാന സെക്രട്ടറി സി.പി ചെറിയ മുഹമ്മദ് പറഞ്ഞു. കോഴിക്കോട് ജില്ലാ പ്രവാസി ലീഗ് കിഡ്സൺ കോർണറിൽ വച്ച് സംഘടിപ്പിച്ച പ്രതിഷേധ ജ്വാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രവസി ലീഗ് കോഴിക്കോട് ജില്ലാ പ്രസിഡന്റ് അഹമ്മദ് കുറ്റിക്കാട്ടൂർ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി യു.കെ ഹുസൈൻ സ്വാഗതം പറഞ്ഞു. ജില്ലാ ഭാരവാഹികളായ മജീദ് ഹാജി വടകര, വാഴയിൽ ഇബ്രാഹിം ഹാജി, ഹാഷിം കോയ തങ്ങൾ, വി.പി കുഞ്ഞമ്മദ് ഹാജി പെരുമണ്ണ, കൊയപ്പത്തൊടി മുഹമ്മദ് അലി ഹാജി, ബി.എച്ച് കുഞ്ഞമ്മദ് ഹാജി,എ.എം.എസ് അലവി, ടി.കെ അബ്ദുള്ള കോയ, സി. മുഹമ്മദ് അലി മാസ്റ്റർ, മഠത്തിൽ റഷീദ്, റഷീദ് ചാലക്കര, കെ.വി ശരീഫ് ബേപ്പൂർ, അബ്ദുൽ റഷീദ് ചെറുവണ്ണൂർ, കെ. കുഞ്ഞമ്മദ് ആയഞ്ചേരി, പിസ്സ, കെ.കെ കോയ കൊയട്ടി, ഐ.പി അഷ്റഫ്, സി.പി അസീസ്, എ.എം മുദ്ധീൻ, വി.പി ഷംസുദ്ധീൻ, ശരീഫ് കൂടത്തായി തുടങ്ങിയവർ സംസാരിച്ചു.




കോഴിക്കോട് ജില്ലാ പ്രവാസി ലീഗ് കിഡ്സൺ കോർണറിൽ വച്ച് സംഘടിപ്പിച്ച പ്രതിഷേധ ജാല ഉദ്ഘാടനം ചെയ്തു സംസാരിക്കുന്ന മുസ്ലിം ലീഗ് സംസ്ഥാന സെക്രട്ടറി സി.പി ചെറിയ മുഹമ്മദ്




# സൗദിയുടെ ഓഫർ നിരസിച്ചു; ലൂക്ക മോഡ്രിച്ച് റയൽ മാഡ്രിഡിൽ തുടരും

മാഡ്രിഡ്: ലൂക്ക മോഡ്രിച്ച് സ്പാനിഷ് ക്ലബ്ബ് റയൽ മാഡ്രിഡിൽ തുടരും. ടീമുമായുള്ള കരാർ മോഡ്രിച്ച് പുതുക്കി. റയലുമായി ഒരു വർഷത്തേക്ക് കൂടിയാണ് 37-കാരനായ ഈ മധ്യനിര താരം കരാർ പുതുക്കിയിരിക്കുന്നത്. ക്ലബ്ബ് തന്നെ ഇക്കാര്യം സോഷ്യൽ മീഡിയയിലൂടെ അറിയിച്ചിട്ടുണ്ട്.

2024 ജൂൺ വരെയാണ് കരാർ. അതേസമയം, സൗദി പ്രോ ലീഗിൽ നിന്ന് മോഡ്രിച്ചിന് വലിയ ഓഫർ ലഭിച്ചിരുന്നുവെന്നും എന്നാൽ ഇത് അവഗണിച്ചാണ് റയലിനൊപ്പം തുടരാൻ തീരുമാനിച്ചതെന്ന് പ്രമുഖ മാധ്യമപ്രവർത്തകൻ ഫാബ്രിസിയോ റൊമാനോ ട്വീറ്റ് ചെയ്തു.

2012-ലാണ് മോഡ്രിച്ച് റയലിലെത്തുന്നത്. 488 മത്സരങ്ങൾ റയലിനായി കളിച്ച താരം അഞ്ച് ചാമ്പ്യൻസ് ലീഗും മൂന്ന് ലാലിഗ കിരീടവുമടക്കം 23 കീരിട നേട്ടങ്ങളിൽ പങ്കാളിയായിട്ടുണ്ട്. 2018-ൽ ബാലൺദ്യോറും ഫിഫ ബെസ്റ്റ് പുരസ്കാരവും ഈ ക്രൊയേഷ്യൻ താരത്തിനായിരുന്നു. വരുന്ന സീസൺ റയലിനൊപ്പമുള്ള മോഡ്രിച്ചിന്റെ 12-ാം സീസണാകും.

## ലോകകപ്പ് യോഗ്യതാ മത്സരത്തിൽ 408 റൺസ് അടിച്ചുകൂട്ടി സിംബാബ്‌വേ; 304 റൺസിന്റെ വിജയം

# യു.എസ്.എയെ തരിപ്പണമാക്കി

ഹരാരെ: ഏകദിന മത്സരത്തിൽ 400 റൺസ് എന്ന വമ്പൻ സ്കോർ സ്വന്തമാക്കി സിംബാബ് വേ ക്രിക്കറ്റ് ടീം. ആദ്യമായാണ് സിംബാബ്‌വേ ഏകദിന മത്സരത്തിൽ ഇത്രയും വലിയ സ്കോർ നേടുന്നത്. ലോകകപ്പ് യോഗ്യതാ മത്സരത്തിൽ യു.എസ്.എയ്ക്കെതിരേയാണ് ഈ നേട്ടം. 50 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 408 റൺസുകളാണ് സിംബാബ്‌വേ നേടിയത്. യു.എസ്.എയെ 104 റൺസിന് പുറത്താക്കുകയും ചെയ്തു. ഇതോടെ 304 റൺസിന്റെ വൻ വിജയവും ടീം നേടി. അതേസമയം ഏകദിന ക്രിക്കറ്റിൽ 400 റൺസോ അതിന് മുകളിലോ നേടുന്ന ഏഴാമത്തെ ടീമാണ് സിംബാബ് വേ. 2022 ൽ നെതർലണ്ട്സിനെതിരെ 50 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ 498 റൺസെടുത്ത ഇംഗ്ലണ്ടാണ് ഈ പട്ടികയിലെ ടോപ്പ് സ്കോറർ. 2011 ൽ വെസ്റ്റ് ഇൻഡീസിനെതിരെ നേടിയ 418 റൺസാണ് ഇന്ത്യയുടെ ഏറ്റവും ഉയർന്ന സ്കോർ. ഇംഗ്ലണ്ട്, ഇന്ത്യ, ശ്രീലങ്ക, ദക്ഷിണാഫ്രിക്ക, ഓസ്ട്രേലിയ, ന്യൂസീലാൻഡ് എന്നിവരാണ് 400 റൺസ് കടന്ന മറ്റ് രാജ്യങ്ങൾ. 2009-ൽ കെനിയക്കെതിരേ ഏഴിന് 351 റൺസെടുത്തതായിരുന്നു അവരുടെ ഇതിനു മുമ്പത്തെ ഉയർന്ന സ്കോർ. ക്യാപ്റ്റൻ സീൻ വില്യംസിന്റെ തകർപ്പൻ സെഞ്ചുറി മികവിലാണ് സിംബാബ്‌വേ കൂറ്റൻ സ്കോറിലെത്തിയത്. 101 പന്തുകൾ നേരിട്ട വില്യംസ് 21 ഫോറും അഞ്ച് സിക്സുമടക്കം 174 റൺസെടുത്തു. ഇരട്ട സെഞ്ചുറിയിലേക്ക് കുതിക്കുകയായിരുന്ന താരത്തെ അഭിഷേക് പരാദ്കറാണ് പുറത്താക്കിയത്. 103 പന്തിൽ നിന്ന് 78 റൺസെടുത്ത ഓപ്പണർ ജോയ്‌ലോർഡ് ഗംബി, 27 പന്തിൽ നിന്ന് രണ്ട് സിക്സും അഞ്ച് ഫോറുമടക്കം 48 റൺസടിച്ച സിക്കന്ദർ റാസ, 16 പന്തിൽ നിന്ന് നാല് സിക്സും മൂന്ന് ഫോറുമടക്കം 47 റൺസ് നേടിയ റയാൻ ബേൾ എന്നിവരുടേതായിരുന്നു മികച്ച മറ്റു പ്രകടനങ്ങൾ. മറുപടി ബാറ്റിങ്ങിനിറങ്ങിയ യു.എസ്.എയ്ക്ക് സിംബാബ്‌വേ ബൗളിങ്ങിനു മുന്നിൽ പിടിച്ചുനിൽക്കാനായില്ല. ഏഴാമനായി ഇറങ്ങി 31 പന്തിൽ നിന്ന് 24 റൺസെടുത്ത അഭിഷേക് പരാദ്കറാണ് യു.എസിന്റെ ടോപ സ്കോറർ. അഭിഷേകിനെ കൂടാതെ ജസ്ദീപ് സിങ് (21), ഗജാനന്ദ് സിങ് (13) എന്നിവർ മാത്രമാണ് യു.എസ് ഇന്നിങ്സിൽ രണ്ടക്കം കണ്ടത്.



യു.എസ്.എക്ക് എതിരേ സെഞ്ചുറി നേടിയ സീൻ വില്യംസിന്റെ ആഹ്ലാദപ്രകടനം

# ‘ഏകരാഷ്ട്രം അനേക കഥകൾ’ പുസ്തകം പ്രകാശനം ചെയ്തു

കോഴിക്കോട്: ഭാഷാബഹുസ്വരത ഭാരതത്തിന്റെ വരദാനമാണെന്നും അതിനെ ശാപമായി കാണുന്നത് ഉചിതമല്ലെന്നും ഭാഷാസമന്വയ വേദിയും പീപ്പിൾസ് റിവ്യൂവും ചേർന്ന് സംഘടിപ്പിച്ച സെമിനാറിലെ പ്രഭാഷകർ അഭിപ്രായപ്പെട്ടു. ഒരേ സമയം അനേക ഭാഷകളിൽ മൂല്യവത്തായ കൃതികൾ പിറക്കുന്നത് ഏകരാഷ്ട്രത്തിന്റെ സംസ്കാരത്തിന് ആവിഷ്കാരം നൽകലാണെന്നും അഭിപ്രായങ്ങൾ ഉയർന്നുവന്നു. ബി.എസ്.വി അംഗങ്ങൾ ചേർന്ന് വിവർത്തനം ചെയ്ത് പീപ്പിൾസ് റിവ്യു പ്രസിദ്ധീകരിച്ച ‘ഏക രാഷ്ട്രം അനേകഥകൾ’ എന്ന സമാഹാരം നോവലിസ്റ്റ് പി.ടി രാജലക്ഷ്മിക്ക് ആദ്യപ്രതി നൽകിക്കൊണ്ട് ഡോ.ആർസു പ്രകാശനം ചെയ്തു. ദാമോദർമൗസോവിന്റെ രചനാ പ്രപഞ്ചം എന്ന വിഷയം ഡോ.ആർസു അവതരിപ്പിച്ചു. ഗോവയുടെ സംസ്കാരവും ആചാരാനുഷ്ഠാനങ്ങളും ആധുനികതയും പ്രാചീനതയും പ്രതിഫലിക്കുന്ന കണ്ണാടിയാണ് മൗസോവിന്റെ കഥകൾ എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. വിവർത്തനം ഭാഷകളെയും ഒപ്പം സംസ്കാരങ്ങളെയും കൂട്ടിയിണക്കുന്ന കണ്ണിയാണെന്നും വിവർത്തനത്തിന്റെ അഭാവത്തിൽ ഇന്ത്യയിലെ ഭിന്ന ഭാഷക്കാർക്ക് അപരിചിതരായി കഴിയേണ്ടുന്ന ദുരവസ്ഥ വരുമെന്നും ഓൺലൈൻ സന്ദേശത്തിലൂടെ ദാമോദർ മൗസോ പറഞ്ഞു. ഡോ.ഒ വാസവൻ അധ്യക്ഷത വഹിച്ചു. ഡോ.പി.കെ.രാധാമണി, സഫിയ നരിമുക്കിൽ ചർച്ചയിൽ പങ്കെടുത്തു. ഡോ. ഇ.കെ സ്വർണകുമാരി, കെ.ജി രഘുനാഥ്, ഡോ.രഘുറാം പി.എ ആശംസകൾ നേർന്നു. പീപ്പിൾസ് റിവ്യൂ പബ്ലിക്കേഷൻസ് മാനേജിങ് ഡയരക്ടർ പി.ടി. നിസാർ സ്വാഗതവും ‘ഏകരാഷ്ട്രം അനേക കഥകൾ’ കോ-ഓർഡിനേറ്റിങ് എഡിറ്റർ വേലായുധൻ പള്ളിക്കൽ നന്ദിയും പറഞ്ഞു.


പീപ്പിൾസ് റിവ്യു പ്രസിദ്ധീകരിച്ച ‘ഏക രാഷ്ട്രം അനേകഥകൾ’ എന്ന സമാഹാരം നോവലിസ്റ്റ് പി.ടി രാജലക്ഷ്മിക്ക് ആദ്യപ്രതി നൽകിക്കൊണ്ട് ഡോ.ആർസു പ്രകാശനം ചെയ്തപ്പോൾ



നെഹ്റു യുവ കേന്ദ്രയുടെ യുവ ഉത്സവിൽ ആരോഗ്യ വകുപ്പിന്റെ പ്രദർശനസ്റ്റാളിൽനിന്ന്

# നെഹ്റു യുവ കേന്ദ്രയുടെ യുവ ഉത്സവിൽ ആരോഗ്യ വകുപ്പിന്റെ പ്രദർശനം ശ്രദ്ധേയമായി

മാഹി: നെഹ്റു യുവ കേന്ദ്രയുടെ യുവ ഉത്സവിൽ ആരോഗ്യ വകുപ്പിന്റെ പ്രദർശനം പൊതു ജനശ്രദ്ധ പിടിച്ചുപറ്റി. മാഹി സിവിൽ സ്റ്റേഷനിലാണ് പ്രദർശനം സംഘടിപ്പിച്ചത്. മഴക്കാല രോഗങ്ങളും പ്രതിരോധ മാർഗ്ഗവും, കുടുബക്ഷേമ മാർഗ്ഗങ്ങൾ, ഗർഭകാലവും വിളർച്ചയും, ജലജന്തുജന്യ രോഗങ്ങളും പരിഹാരമാർഗ്ഗങ്ങളും മന്ത് -മലമ്പനി എന്നീ രോഗങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം, ജീവിത ശൈലി രോഗങ്ങൾ, വയറിളക്കവും ഒ.ആർഎസും തുടങ്ങി വിവിധ വിഷയങ്ങളെക്കുറിച്ചുള്ള പോസ്റ്ററുകൾ, പ്രവർത്തന മോഡലുകൾ, നിശ്ചല മോഡലുകൾ, ശുചിത്വ കാര്യത്തിൽ പൊതുജനങ്ങൾ പാലിക്കേണ്ട പൊതുകാര്യങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവിധ കാര്യങ്ങളായിരുന്നു പ്രദർശനത്തിൽ ഉണ്ടായിരുന്നത്.

ആരോഗ്യ വകുപ്പ് ഡെപ്യൂട്ടി ഡയരക്ടറുടെ ചുമതല വഹിക്കുന്ന ഡോ. സൈബുനിസയുടെ നിർദേശപ്രകാരം മാഹി മേഖല പബ്ളിക്ക് ഹെൽത്ത് പ്രവർത്തകരാണ് സ്റ്റാൾ ഒരുക്കിയത്. പബ്ലിക്ക് ഹെൽത്ത് നഴ്സ് ബി.ശോഭന, ടെക്നിക്കൽ അസിസ്റ്റന്റ് മതിയരസൻ, ലേഡി ഹെൽത്ത് വിസിറ്റർ സലോമി മാത്യു, എ.എൻ.എമാരായ ലിനറ്റ് ഫെർണ്ണാണ്ടസ്, സുജാത വി.പി, സി.എച്ച് ബിന്ദു, ലിനി, സിജില മേരി, നിഷിത ടെക്നിക്കൽ അസിസ്റ്റന്റ് പ്രസീന പി.പി, ഹെൽത്ത് അസിസ്റ്റന്റ് രജുല സി.കെ, ശ്രീജിത കെ, ഇൻസ്ക്റ്റ് കലക്ടർ കെ. ഹരീന്ദ്രൻ, ലാബ് അസിസ്റ്റന്റ് വി. പ്രജീഷ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.



സംസ്ഥാന-ജില്ലാ-താലൂക്ക് കുടുംബശ്രീ കലോത്സവത്തിൽ മികച്ച പ്രകടനം നടത്തിയവർക്കുള്ള മെമന്റോ നാദാപുരം പഞ്ചായത്ത് പ്രസിഡന്റ് വി.വി മുഹമ്മദലി വിതരണം ചെയ്യുന്നു

# നാദാപുരത്ത് കുടുംബശ്രീ സർഗ്ഗപ്രതിഭകൾക്ക് ആദരവ് നൽകി

നാദാപുരം: ഗ്രാമപഞ്ചായത്തിൽ സംസ്ഥാന ജില്ലാ താലൂക്ക് കുടുംബശ്രീ കലോത്സവത്തിൽ മികച്ച പ്രകടനം നടത്തിയ സർഗ പ്രതിഭകൾക്ക് 424 അയൽക്കൂട്ട അംഗങ്ങൾ ചേർന്ന് ആദരവ് നൽകി. സംസ്ഥാന മത്സരത്തിൽ മികച്ച വിജയം നേടിയ മോണോ ആക്ടിൽ സംസ്ഥാന തലത്തിൽ രണ്ടാം സ്ഥാനം നേടിയ വിദ്യാലിനേഷ്, ഗ്രീഷ്മ, സിജിന മനോജ് എന്നിവർക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.വി മുഹമ്മദലി മെമന്റോ വിതരണം ചെയ്തു. വൈസ് പ്രസിഡന്റ് അഖില മര്യാട്ട് അധ്യക്ഷത വഹിച്ചു. സ്ഥിരം സമിതി അധ്യക്ഷൻമാരായ സി.കെ നാസർ, എം.സി സുബൈർ, ജനിധ ഫിർദൗസ്, പഞ്ചായത്ത് സെക്രട്ടറി ടി.ഷാഹുൽ ഹമീദ്, വാർഡ് മെമ്പർ പി.പി ബാലകൃഷ്ണൻ, കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ പി.പി റീജ, അസിസ്റ്റന്റ് സെക്രട്ടറി ടി. പ്രേമാനന്ദൻ, അക്കൗണ്ടന്റ് കെ. സിനിഷ എന്നിവർ സംസാരിച്ചു. വിവിധ മത്സരങ്ങളിൽ പങ്കെടുത്തവർക്കെല്ലാം പ്രോത്സാഹന സമ്മാനങ്ങളും സർട്ടിഫിക്കറ്റും ചടങ്ങിൽ വിതരണം ചെയ്തു.

# ആധുനിക വിദ്യാഭ്യാസത്തിന് അടിത്തറയിട്ടത് ശ്രീനാരായണ ഗുരു: അഡ്വ.കെ.സത്യൻ

തലശ്ശേരി: വിദ്യാഭ്യാസ സാംസ്കാരിക മേഖലയിൽ രാജ്യത്തിന് മാതൃകയായി മാറിയ കേരളം കൈവരിച്ച ഔന്നത്യത്തിന് അടിത്തറ പാകിയത് ഗുരുദേവന്റെ ശക്തമായ ഇടപെടലുകളും ദർശനങ്ങളുമായിരുന്നുവെന്ന് ശ്രീ ജ്ഞാനോദയ യോഗം പ്രസിഡന്റ് അഡ്വ.കെ.സത്യൻ അഭിപ്രായപ്പെട്ടു. എസ്.എൻ.ഡി.പി. യൂണിയൻ തലശ്ശേരി ശാഖയുടെ വിജയോത്സവ്-2023 ഗവ. ബ്രണ്ണൻ ടീച്ചേഴ്സ് ട്രെയിനിങ് കോളജിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പെൺപള്ളിക്കൂടമെന്ന ആശയം പോലും ഗുരുദേവന്റേതാണ്. വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പിന്റേയും ഉപജ്ഞാതാവ് ഗുരു തന്നെയായിരുന്നു. വിദ്യ കൊണ്ട് പ്രബുദ്ധരാകാനും, ഇന്ന് നിലനിൽക്കുന്ന ഭൗതിക സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി ഉന്നതങ്ങൾ വെട്ടിപ്പിടിക്കാനും നമ്മുടെ കുട്ടികൾക്ക് കഴിയണം. രാജ്യത്തിന്റെ ഭാവിയെ പോലും തകർക്കുന്ന രാസലഹരി തന്നെയാണ് കൗമാര-യൗവ്വനങ്ങൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. അറിവ് ജീവിതത്തിലുടനീളം സ്വായത്തമാക്കാനുള്ള ശീലം, ചെറുപ്രായത്തിലേ കൈവരിക്കാനായാൽ ഉത്തമ പൗരൻമാരായി വളരാൻ പുതുതലമുറയ്ക്കാവും. അറിവ് ജ്ഞാനവും ആനന്ദവുമാണെന്ന് ഗുരു തന്നെ പറഞ്ഞുവെച്ചിട്ടുണ്ട്. ലക്ഷ്യബോധവും, നിശ്ചയദാർഢ്യവും സ്വായത്തമാക്കിയാൽ ജീവിത വിജയം സുനിശ്ചിതമാണെന്ന് അഡ്വ. സത്യൻ പറഞ്ഞു. എസ്.എൻ.ഡി.പി. യൂണിയൻ തലശ്ശേരി ശാഖയുടെ വിജയോത്സവ്-2023 ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പൊതു പരീക്ഷകളിൽ ഉന്നത വിജയം നേടിയ പ്രതിഭകളേയും, നാഷണൽ ഹൈയസ്റ്റ് എക്സലൻസ് അവാർഡ് നേടിയ കേരള കൗമുദി യൂണിറ്റ് ചീഫ് ഒ.സി. മോഹൻ രാജ്, പുതുച്ചേരി സർക്കാരിന്റെ കലൈമാമണി അവാർഡ് ജേതാവ് ചാലക്കര പുരുഷു, എം.ഡി.എസ്. ഓറൽ മെഡിസിൻ ആന്റ് റേഡിയോളജി വിഭാഗത്തിൽ ഒന്നാം റാങ്കും രാഷ്ട്രപതിയുടെ സ്വർണ്ണമെഡലും നേടിയ ഡോ. അഖിന പ്രദീപ് എന്നിവരെ അനുമോദിച്ചു. പരമ്പരാഗതമായ കോഴ്സുകൾക്കുമപ്പുറം, നൂതനമായ പ്രൊഫഷണൽ കോഴ്സുകളെക്കുറിച്ച് അറിയാനും, സാദ്ധ്യതകളെ ഉപയോഗപ്പെടുത്താനും നമ്മുടെ കുട്ടികൾക്ക് സാധിക്കണമെന്ന് മുഖ്യാതിഥിയായ ദേവസ്വം സെക്രട്ടറി അരയാക്കണ്ടി സന്തോഷ് ഓർമ്മിപ്പിച്ചു. അംഗീകാരങ്ങൾ പ്രചോദനങ്ങളായി മാറണമെന്നും, ഉത്തരവാദിത്വങ്ങളെക്കുറിച്ച് ബോധവാന്മാരാകണമെന്നും അരയാക്കണ്ടി പറഞ്ഞു. ജീവിതത്തിന്റെ പിന്നോക്കാവസ്ഥയിൽ നിന്നും ആയിരങ്ങളെ വളർച്ചയുടെ പടവുകളിലെത്തിക്കാൻ മൈക്രോ ഫൈനാൻസ് പദ്ധതി കൊണ്ട് സാധിതമായിട്ടുണ്ടെന്ന് അരയാക്കണ്ടി ചൂണ്ടിക്കാട്ടി. ഗവ. ബ്രണ്ണൻ ടീച്ചേഴ്സ് ട്രെയിനിങ് സെന്ററിൽ നടന്ന വിജയോത്സവ് പരിപാടിയിൽ യൂണിയൻ ആക്ടിങ് പ്രസിഡന്റ് ജിതേഷ് വിജയൻ അധ്യക്ഷത വഹിച്ചു. മൈക്രോ ഫിനാൻസിന്റെ വിതരണവും അഡ്വ. കെ. സത്യൻ നിർവഹിച്ചു.

സ്വാമി പ്രേമാനന്ദ അനുഗ്രഹഭാഷണം നടത്തി. കെ.എം ധർമ്മപാലൻ, രവീന്ദ്രൻ മുരിക്കോളി, പി.വി ലക്ഷ്മണൻ, ടി.വി രാഗേഷ്, അർജുൻ അരയാക്കണ്ടി, ശശീന്ദ്രൻ പാട്യം, പി.പി ജയകുമാർ, കെ.പി രതീഷ് ബാബു, കെ.വി വിവേകൻ, തനൂജ സുഭാഷ് എന്നിവർ സംസാരിച്ചു. യൂണിയൻ സെക്രട്ടറി കെ.ശശിധരൻ സ്വാഗതവും, ഡയരക്ടർ കെ.ജി ഗിരീഷ് നന്ദിയും പറഞ്ഞു.


എസ്.എൻ.ഡി.പി യൂണിയൻ തലശ്ശേരി ശാഖയുടെ വിജയോത്സവ്-2023 ഉദ്ഘാടനം ഗവ. ബ്രണ്ണൻ ടീച്ചേഴ്സ് ട്രെയിനിങ് കോളേജിൽ ശ്രീ ജ്ഞാനോദയ യോഗം പ്രസിഡന്റ് അഡ്വ.കെ.സത്യൻ നിർവഹിക്കുന്നു



ഹരികെയ്ൻ മാർഷൽ ആർട്സ് അക്കാദമി 10ാം വാർഷികാഘോഷ ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന എം.കെ രാഘവൻ എം.പി

# ഹരികെയ്ൻ മാർഷൽ ആർട്സ് അക്കാദമി 10ാം വാർഷികാഘോഷം നടത്തി

കോഴിക്കോട്: ഹരികെയ്ൻ മാർഷൽ ആർട്സ് അക്കാദമി 10ാം വാർഷികാഘോഷം നടത്തി. എസ്.കെ പൊറ്റെക്കാട്ട് ഹാളിൽവച്ച് നടന്ന ചടങ്ങ് എം.കെ രാഘവൻ എം.പി ഉദ്ഘാടനം ചെയ്തു. കൈതപ്രം ദാമോദരൻ നമ്പൂതിരി മുഖ്യാതിഥിയായി.

ലിബിൻ ബാലുശ്ശേരി അധ്യക്ഷത വഹിച്ചു. കേരള നാടക അക്കാദമി ഗുരുശ്രേഷ്ഠ പുരസ്കാര ജേതാവ് ശിവദാസ് ചേമഞ്ചേരി(പ്രിൻസിപ്പാൾ, പൂക്കാട് കലാലയം), ഡോ.പിയൂഷ് നമ്പൂതിരി (അഡീഷണൽ ഡയരക്ടർ സ്റ്റേറ്റ് ടി.ബി സെൽ), ഡോ. പി.പി പ്രമോദ്കുമാർ (അസിസ്റ്റന്റ് ഡയരക്ടർ- കേരള ഹെൽത്ത് സർവീസ്), ഡോ. പി.ഐ മുഹമ്മദ് (ചെയർമാൻ-ചീഫ് മെഡിക്കൽ ഓഫിസർ, പി.ഐ ഹോസ്പറ്റൽ നന്മണ്ട, കോഴിക്കോട്), രാജഗോപാൽ (സൂപ്രണ്ട്-പാനൂർ മുനിസിപ്പാലിറ്റി), ടി.വി ശ്രീധരൻ (സാമൂഹ്യ സേവാ പുരസ്കാര ജേതാവ്), കവയിത്രി ഷിനി സിനേഷ് എന്നിവരെ ചടങ്ങിൽ ആദരിച്ചു. മുൻ എം.എൽ.എ പി.വിശ്വൻ മാസ്റ്റർ, ബി.ജെ.പി ജില്ലാ പ്രസിഡന്റ് അഡ്വ. വി.കെ സജീവൻ എന്നിവർ ആശംസകൾ നേർന്നു. രാജേഷ് സ്വാഗതവും രമേഷ് നന്ദിയും പറഞ്ഞു. തുടർന്ന് കളരി, കരാട്ടെ , മാജിക്ക് എന്നിവയുടെ പ്രദർശനവും ഉണ്ടായി.

## കണ്ണൂരിൽ വസ്ത്ര വ്യാപാര സ്ഥാപന ഉടമയെ മർദിച്ച സംഭവം; രണ്ട് പേർക്കെതിരേ കേസെടുത്തു

കണ്ണൂർ: താവക്കരയിൽ വസ്ത്ര വ്യാപാര സ്ഥാപന ഉടമയെ മർദിച്ച സംഭവത്തിൽ രണ്ട് പേർക്കെതിരേ ടൗൺ പോലിസ് കേസെടുത്തു. താവക്കര റോഡിലെ വില്ലാസ്ഥാപനത്തിന്റെ ഉടമ കോഴിക്കോട് നല്ലളത്തെ ടി.പി ഷാനവാസി(32) നാണ് ശനിയാഴ്ച രാത്രി മർദനമേറ്റത്. പണമിടപാട് സംബന്ധിച്ച തർക്കത്തിനിടെ മർദിച്ചുവെന്നാണ് പരാതി. സംഭവത്തിൽ കോഴിക്കോട് സ്വദേശികളായ അഷ്റഫ് അലി, ഫാറൂഖ് എന്നിവർക്കെതിരേയാണ് കേസെടുത്തിരിക്കുന്നത്.

## മെറിറ്റ് അവാർഡ് വിതരണവും അനുമോദനവും നടത്തി

മാഹി: പള്ളൂർ ഗവ. ബോയ്സ് ഹൈസ്കൂൾ 1986-87 എസ്.എസ്.സി ബാച്ചിന്റെ പൂർവ്വ വിദ്യാർഥി കൂട്ടായ്മയുടെ നേതൃത്വത്തിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷയിൽ ഉന്നത വിജയം നേടിയ കുട്ടികൾക്കുള്ള മെറിറ്റ് അവാർഡ് ദാനവും അനുമോദനവും നടത്തി. പള്ളൂർ വി.എൻ പുരുഷോത്തമൻ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ വെച്ച് നടന്ന മെറിറ്റ് അവാർഡ് ദാന ചടങ്ങ് നൈനിറ്റാൾ സൈനിക് സ്കൂൾ വൈസ് പ്രിൻസിപ്പാൾ എസ്.നാഗരാജ് ഉദ്ഘാടനം ചെയ്തു. സത്യൻ കേളോത്ത് അധ്യക്ഷത വഹിച്ചു. പൂർവ ഗുരുനാഥന്മാരായ പി.രാമചന്ദ്രൻ മാസ്റ്റർ, എൻ.കെ അച്ചുതൻ മാസ്റ്റർ, എം.സി നാരായണൻ മാസ്റ്റർ, എം.സി ലക്ഷ്മണൻ മാസ്റ്റർ, സ്കൂൾ വൈസ് പ്രിൻസിപ്പാൾ കെ. ഷീബ ടീച്ചർ, കെ.വി ഹരീന്ദ്രൻ, എം.സുനിൽകുമാർ, വി.പി പ്രശാന്ത്, കെ.കെ ഷാജ്, ഷാജിഷ്, ഭാഗേഷ് സംസാരിച്ചു.

## ഈദ് ഗാഹ് 29ന് നടത്തും

കോഴിക്കോട്: വിസ്ഡം ഇസ്ലാമിക് ഓർഗാനൈസേഷൻ 29 വ്യാഴം ബലി പെരുന്നാൾ ദിവസം രാവിലെ ഏഴ് മണിക്ക് പന്നിയങ്കര സുമംഗലി ഓഡിറ്റോറിയത്തിൽ ഈദ് ഗാഹ് നടത്തും. വിസ്ഡം സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുറഹ്മാൻ മദനി നേതൃത്വം നൽകും.




കതിരൂർ പഞ്ചായത്തിൽ ലൈഫ് പദ്ധതിയിൽ പൂർത്തിയാക്കിയ 25 വീടുകളുടെ താക്കോൽദാനം നിർവഹിക്കുന്ന സ്പീക്കർ എ.എൻ ഷംസീർ

# ലൈഫ് പദ്ധതി ജനകീയ പ്രസ്ഥാനമാക്കി വളർത്തണം: സ്പീക്കർ

തലശ്ശേരി: ലൈഫ് പദ്ധതി ജനകീയ പ്രസ്ഥാനമാക്കി വളർത്തണമെന്ന് സ്പീക്കർ എ.എൻ ഷംസീർ പറഞ്ഞു. കതിരൂർ പഞ്ചായത്തിൽ ലൈഫ് പദ്ധതിയിൽ പൂർത്തിയാക്കിയ 25 വീടുകളുടെ താക്കോൽദാനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സർക്കാർ ഫണ്ട് ഉപയോഗിച്ച് മാത്രം ലൈഫിന്റെ സമ്പൂർണ ലക്ഷ്യം കൈവരിക്കാൻ കഴിയില്ല. മറ്റ് മിഷനുകളിൽ ഉണ്ടായത്ര ജനപങ്കാളിത്തം ലൈഫ് പദ്ധതിയിൽ ഉണ്ടായിട്ടില്ല. തദ്ദേശ സ്ഥാപനങ്ങൾ മുൻകൈ എടുത്താൽ ഇത് സാധ്യമാക്കാനാകുമെന്നും സ്പീക്കർ പറഞ്ഞു. കതിരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. പി. സനിൽ അധ്യക്ഷത വഹിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥ എം. വി. ലത റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാപഞ്ചായത്ത് അംഗം മുഹമ്മദ് അഫ്സൽ, പാനൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി.ടി റംല, കതിരൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സനില. പി. രാജ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ പി.കെ സാവിത്രി, രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ എം.സി പവിത്രൻ, പൊന്ന്യം കൃഷ്ണൻ, ബഷീർ ചെറിയാണ്ടി, കെ.വി രജീഷ്, സെക്രട്ടറി മുന്ന പി. സദാനന്ദ്, അസി. സെക്രട്ടറി ജി. സന്തോഷ്കുമാർ തുടങ്ങിയവർ സംസാരിച്ചു.



എം.എസ്.എം സംസ്ഥാന സമിതി സംഘടിപ്പിച്ച മിസ്ബാഹ് അന്താരാഷ്ട്ര ഖുർആൻ വിജ്ഞാന പരീക്ഷയുടെ ഗ്രാന്റ് ഫിനാലെ പരിപാടിയിൽ നിന്ന്

# 'മിസ്ബാഹ്" അന്താരാഷ്ട്ര ഖുർആൻ വിജ്ഞാന പരീക്ഷ; ഗ്രാന്റ് ഫിനാലെ സമാപിച്ചു

കോഴിക്കോട്: എം.എസ്.എം സംസ്ഥാന സമിതി കോഴിക്കോട് വുഡീസ് ഹോട്ടലിൽ വച്ച് സംഘടിപ്പിച്ച മിസ്ബാഹ് അന്താരാഷ്ട്ര ഖുർആൻ വിജ്ഞാന പരീക്ഷയുടെ ഗ്രാന്റ് ഫിനാലെ സമാപിച്ചു. ജൂനിയർ, ജനറൽ വിഭാഗങ്ങളിലായി ഒന്നാംഘട്ട മത്സരത്തിൽ ഉന്നതവിജയം നേടിയ മത്സരാർത്ഥികളാണ് ഗ്രാന്റ് ഫിനാലെയിൽ മാറ്റുരച്ചത് . സീനിയർ വിഭാഗത്തിൽ ഡോ. കദീജ ഹസ്സൻ (എറണാകുളം), സൗദ അഷ്റഫ് (കണ്ണൂർ), സന ഫാത്തിമ (ചെന്നൈ) എന്നിവർ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. ജൂനിയർ വിഭാഗത്തിൽ ഹിദ ഫഹ്മ .എം (മലപ്പുറം ഈസ്റ്റ്), ആമിന ബിൻത് ഷഹബാസ് (കോഴിക്കോട് സൗത്ത്), നസീഹ് പി (മലപ്പുറം വെസ്റ്റ്) എന്നിവർ ആദ്യ മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. ഒന്നാം സ്ഥാനത്തിന് അർഹത നേടിയവർക്ക് സൗജന്യമായി ഉംറ നിർവഹിക്കാനുള്ള അവസരം ഉണ്ടായിരിക്കും. ഡോ. ഉസാമ സി.എ, ജുനൈസ് മുണ്ടേരി, ആശിഖ് അസ്ഹരി, ജംഷാദ് എടക്കര എന്നിവർ ക്വിസ് മത്സരങ്ങൾക്ക് നേതൃത്വം നൽകി. എം.എസ്.എം സംസ്ഥാന പ്രസിഡന്റ് ജസീം സാജിദ് എൻ.എ, ജനറൽ സെക്രട്ടറി ആദിൽ നസീഫ് മങ്കട എന്നിവർ വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. നുഫൈൽ തിരൂരങ്ങാടി, നദീർ മൊറയൂർ, ഫഹീം പുളിക്കൽ, ഷഫീഖ് അസ്ഹരി, ഷഹീം പാറന്നൂർ, സവാദ് പൂനൂർ, അൻഷിദ് നരിക്കുനി, റബീഹ് മാട്ടൂൽ, ബാദുഷ ഫൈസൽ എന്നിവർ സംബന്ധിച്ചു.

# നോർക്ക 'ടാലന്റ് മൊബിലിറ്റി ഡ്രൈവ്' 2023: നഴ്സുമാർക്കും ഓപ്പറേഷൻ ഡിപ്പാർട്ട്മെന്റ് പ്രാക്ടീഷണർമാർക്കും യു.കെയിൽ അവസരങ്ങൾ

കൊച്ചി: ആരോഗ്യമേഖലയിലെ പ്രൊഫഷണലുകൾക്കായി നോർക്ക റൂട്ട്സും യുണൈറ്റഡ് കിങ്ഡമിലെ (യു.കെ) പ്രമുഖ എൻ.എച്ച്.എസ് ട്രസ്റ്റുമായി ചേർന്ന് സംഘടിപ്പിച്ചു വരുന്ന 'ടാലന്റ് മൊബിലിറ്റി ഡ്രൈവ്" പുരോഗമിക്കുന്നു. ഇതുവഴി നഴ്സുമാർക്കും ഓപ്പറേഷൻ ഡിപ്പാർട്ടമെന്റ് പ്രാക്ടീഷണർമാർക്കും (ഒ.ഡി.പി) നിരവധി അവസരങ്ങൾ ലഭ്യമാണ്. എല്ലാ ആഴ്ചയിലും യു.കെയിലെ തൊഴിൽദാതാക്കളുമായി ഇന്റർവ്യൂ ഇതുവഴി സാധ്യമാണ്. ബിരുദമോ ഡിപ്ലോമയോ വിദ്യാഭ്യാസ യോഗ്യതയും, ഐ.ഇ.എൽ.ടി.എസ്/ ഒ.ഇ.ടി യു.കെ സ്കോറുമുള്ള ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. ഐ.ഇ.എൽ.ടി.എസ്/ ഒ.ഇ.ടി ഇല്ലാത്ത ഉദ്യോഗാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടാൽ കണ്ടീഷണൽ ഓഫർ ലെറ്റർ നൽകുന്നതും ആറ് മാസത്തിനകം ഐ.ഇ.എൽ.ടി.എസ്/ഒ.ഇ.ടി പാസാവേണ്ടതുമാണ്.

താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ uknhs.norka@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ ബയോഡാറ്റ, ഐ.ഇ.എൽ.ടി.എസ് /ഒ.ഇ.ടി സ്കോർ, ബിരുദം/ ഡിപ്ലോമ സർട്ടിഫിക്കറ്റ്, മോട്ടിവേഷൻ ലെറ്റർ, അക്കാദമിക് ട്രാൻസ്ക്രിപ്റ്റ്, നഴ്സിംഗ് രജിസ്ട്രേഷൻ എന്നിവ സഹിതം അപേക്ഷിക്കുക. ജനറൽ മെഡിക്കൽ ആന്റ് സർജിക്കൽ നഴ്സ് തസ്തികയിലേക്ക് (ബി.എസ്സി) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ കുറഞ്ഞത് ഒരു വർഷത്തെ പ്രവൃത്തി പരിചയവും തീയറ്റർ നഴ്സ് (ബി.എസ്സി), കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ കുറഞ്ഞത് ഒരു വർഷത്തെ പ്രവൃത്തി പരിചയം/മെന്റൽ ഹെൽത്ത് നഴ്സ് (ബി.എസ്സി), നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ കഴിഞ്ഞു സൈക്യാട്രി വാർഡിൽ കുറഞ്ഞത് ആറ് മാസത്തെ പ്രവൃത്തി പരിചയം ആണ് വേണ്ടത്.

മിഡ്വൈഫ് തസ്തികയിലേക്ക് അപേക്ഷിക്കുന്ന നഴ്സുമാർക്ക് നഴ്സിംഗ് ഡിപ്ലോമ രണ്ട് വർഷത്തിനകം പൂർത്തിയായവരാണെങ്കിൽ പ്രവൃത്തിപരിചയം ആവശ്യമില്ല. അല്ലെങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഒരു വർഷം മിഡ്വൈഫ്റി പ്രവൃത്തിപരിചയം ഉണ്ടാവേണ്ടതാണ്. ഓപ്പറേഷൻ ഡിപ്പാർട്ടമെന്റ് പ്രാക്ടീഷണർമാർക്കും (ഒ.ഡി.പി) അപേക്ഷിക്കാവുന്നതാണ്. യോഗ്യത ബി.എസ്സി/ഡിപ്ലോമ ഇൻ ഓപ്പറേഷൻ തിയറ്റർ ആന്റ് അനസ്തേഷ്യ ടെക്നോളജിസ്റ്റ് അല്ലെങ്കിൽ ബി.എസ്സി അനസ്തേഷ്യ ടെക്നോളജിസ്റ്റ്. ഒരു വർഷത്തെ പ്രവർത്തിപരിചയം ഉണ്ടായിരിക്കണം.

ഉദ്യോഗാർത്ഥികൾക്ക് സ്ഥിരം നിയമനം ആണ് ലഭ്യമാകുന്നത്. രജിസ്റ്റേർഡ് നഴ്സ് ആവുന്ന മുറയ്ക്ക് ബാൻഡ് 5 പ്രകാരമുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കും. വിശദവിവരങ്ങൾ ംംം.ിീൃസമൃീീശേ. ീൃഴ, www.nifl.norkaroots.org എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +91-8802 012 345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്) ബന്ധപ്പെടാവുന്നതാണ്.

# വരികൾക്കിടയിലൂടെയുള്ള വായന അനിവാര്യം: ഡോ. മിനി പ്രസാദ്




കാളാണ്ടിത്താഴം ദർശനം ഗ്രന്ഥശാലയുടെ സഞ്ചരിക്കുന്ന പുസ്തക പ്രദർശനം ദേവഗിരി സേവിയോ എച്ച്.എച്ച്.എസിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുന്ന ഡോ. മിനി പ്രസാദ്

കോഴിക്കോട്: പുൽനാമ്പിൻ തുമ്പത്തെ മഞ്ഞുതുള്ളി ഒരു കവി കാണുമ്പോൾ ഭാവനയുടെ ഇതൾ വിരിയുന്നു. അതു പിന്നെ പലതായി ഇഴപിരിയുന്നു. നമ്മൾ, വായനക്കാർ അതനുഭവിക്കണമെങ്കിൽ വരികൾക്ക് മുകളിലൂടെയല്ല വരികൾക്കിടയിലൂടെ തന്നെ വായിക്കണം. കെ. സച്ചിദാനന്ദന്റെ കവിതകൾ ചൊല്ലി വ്യാഖ്യാനിച്ചു കൊണ്ട് ഡോ.മിനി പ്രസാദ് അഭിപ്രായപ്പെട്ടു. സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ വായന പക്ഷാചരണത്തിന്റെ ഭാഗമായി കാളാണ്ടിത്താഴം ദർശനം ഗ്രന്ഥശാലയുടെ സഞ്ചരിക്കുന്ന പുസ്തക പ്രദർശനം ദേവഗിരി സേവിയോ എച്ച്.എച്ച്.എസിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു കഥാ നിരൂപകയും കേരള സാഹിത്യ അക്കാദമി അംഗവുമായ ഡോ.മിനി പ്രസാദ്. ഹെഡ് മാസ്റ്റർ സാജു ജോസഫ് അധ്യക്ഷത വഹിച്ചു. വിവിധ തലങ്ങളിൽ നടക്കുന്ന മത്സരങ്ങൾക്കായി നിശ്ചയിച്ച പുസ്തകങ്ങളിൽ നിന്നൊഴികെ ഗ്രാന്റിന് വാങ്ങിയ പുസ്തകങ്ങളിൽ നിന്ന് തത്സമയ പ്രശ്നോത്തരി സംഘടിപ്പിച്ചു. ദർശനം ബാലവേദി മെന്റർ പി. ജസലുദ്ദീൻ പ്രശ്നോത്തരി നയിച്ചു. ഫാദർ ബ്ലെസ്സൻ ജേർജ്ജ്, ഇ.സോമൻ, സെക്രട്ടറി എം.എ ജോൺസൺ എന്നിവർ പ്രദർശനത്തിന് നേതൃത്വം നൽകി. എട്ടാം ക്ലാസ് വിദ്യാർത്ഥിനികളായ എൻ.എം ശിവഗാമി, ടി.എം ദേവിക എന്നിവർ വിജയികളായി. പൊതു വിദ്യാഭ്യാസ വകുപ്പ് അധ്യാപക അവാർഡിന് തെരഞ്ഞെടുത്ത 'കണിമോളുടെ അടരുവാൻ വയ്യ', ദൃശ്യ മാധ്യമ പ്രവർത്തകൻ പി.വി കുട്ടന്റെ 'പടവിറങ്ങി അഞ്ജന പുഴയോരത്ത്' തുടങ്ങിയ എഴുത്തുകാർ കൈയ്യൊപ്പ് ചാർത്തിയ പുസ്തകങ്ങൾ കേരള എഡ്യൂക്കേഷൻ കൗൺസിൽ ഡയരക്ടർ കൊല്ലറയ്ക്കൽ സതീശൻ സമ്മാനിച്ചു.

## ആനപ്പാറയിൽ ഓണാഘോഷം; 'ഓർമ്മ ഓണാഘോഷം' മൂന്നാം ഓണനാളിൽ

അത്തോളി: കൊങ്ങന്നൂർ ആനപ്പാറയിൽ ഓർമ്മ മത്സ്യ തൊഴിലാളി സ്വയം സംഘത്തിന്റെ സഹകരണത്തോടെ 'ഓർമ്മ ഓണാഘോഷം' ഓഗസ്റ്റ് 30ന് മൂന്നാം ഓണ നാളിൽ നടക്കും. ആഘോഷത്തിന്റെ നടത്തിപ്പിനായി സംഘാടക സമിതി രൂപീകരിച്ചു. രക്ഷാധികാരികൾ: പഞ്ചായത്ത് അംഗം കെ.സാജിത ടീച്ചർ, ടി.പി അശോകൻ, ചെയർമാൻ: കെ.ടി ശേഖർ, വൈസ് ചെയർമാൻ: കെ.ബൈജു, കൺവീനർമാർ: കെ.മോഹനൻ , പി.പി ചന്ദ്രൻ , ട്രഷറർ: കെ.ശശികുമാർ. ഓർമ്മ സ്വയസഹായ സംഘത്തിലെ മറ്റ് അംഗങ്ങൾ സമിതി അംഗങ്ങളായി ഉൾപ്പെടുത്തിയാണ് സംഘാടക സമിതി രൂപീകരിച്ചത്. തോണി തുഴയൽ, കമ്പവലി , പൂക്കളം എന്നിവയാണ് പ്രധാന മത്സരയിനങ്ങൾ. കുട്ടികൾക്കും വനിതകൾക്കും പ്രത്യേക മത്സരവും നടത്തും.

കൂടുതൽ വിവരങ്ങൾക്ക് വൈസ് ചെയർമാൻ കെ ബൈജുവിനെ 8086303900 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. കോരപുഴയിൽ കുനിയിൽ കടവിന് സമീപത്താണ് ആനപ്പാറ. കുനിയിൽ കടവ് പാലം വരും മുൻപ് കോഴിക്കോട് -കണ്ണൂർ ദേശീയ പാതയേയും കോഴിക്കോട് കുറ്റ്യാടി സംസ്ഥാന പാതയേയും പരസ്പരം ബന്ധിപ്പിക്കുന്ന കടവ് തോണി യാത്ര ഈ പ്രദേശത്തായിരുന്നു. കൊങ്ങന്നൂർ-ആനപ്പാറ മിനി ബസ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. 30 വർഷങ്ങൾക്ക് മുമ്പ് അമ്പ്ര ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് ഓണാഘോഷം നടത്തിയിരുന്നു. നിരവധി സിനിമാ ചിത്രീകരണത്തിനും ആൽബങ്ങളുടെ ചിത്രീകരണവും ഇവിടെ നടന്നിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ സഹകരണത്തോടെ ഉത്തരവാദിത്വ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പ്രദേശം ടൂറിസം സാധ്യതകൾ ഉപയോഗപ്പെടുത്താനും ഓണാഘോഷം സഹായമാകുമെന്നാണ് കരുതുന്നതെന്ന് രക്ഷാധികാരി ടി.പി അശോകൻ പറഞ്ഞു.

## ഓവർസീയറെ മൂന്നംഗ സംഘം അക്രമിച്ചു പരുക്കേൽപ്പിച്ചു

തലശ്ശേരി: ഓഫിസിലേക്കുള്ള വഴിയിൽ മാലൂർ പഞ്ചായത്ത് ഓവർസീയറെ കാറിലെത്തിയ ഗുണ്ടാസംഘം ആക്രമിച്ച് പരുക്കേൽപ്പിച്ചു. പാനൂർ കൂറാറ സ്വദേശി ചേറോളി വീട്ടിൽ സി.കെ രഞ്ജിത്ത് കുമാറാണ് ആക്രമിക്കപ്പെട്ടത്. കഴുത്തിനും മുഖത്തും നെഞ്ചിലും പരുക്കുകളോടെ ഇദ്ദേഹത്തെ തലശ്ശേരി ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പരാതിയെ തുടർന്ന് വിവിധ വകുപ്പുകൾ ചേർത്ത് മാലൂർ പോലിസ് കേസെടുത്തു. ശിവപുരം കെ.പി.കെ നഗറിലുള്ള ഗ്രാമ പഞ്ചായത്ത് ഓഫിസിന് വിളിപ്പാടകലെ വച്ചാണ് കഴിഞ്ഞ ദിവസം രാവിലെ രഞ്ജിത്ത് കുമാർ കൈയ്യേറ്റത്തിനിരയായത്. വെള്ളകാറിലെത്തിയ മൂന്നംഗ സംഘത്തിലെ രണ്ട് പേരാണ് വഴി തടഞ്ഞ് തല്ലിയത്. നിയമ വിരുദ്ധമായി പ്രവർത്തിക്കാത്തത് കൊണ്ടാണ് തന്നെ മർദിച്ചതെന്നും നല്ല പരിശീലനം ലഭിച്ചവരാണ് ആക്രമിച്ചതെന്നും രഞ്ജിത്ത് പറഞ്ഞു. സംസ്ഥാനത്തുടനീളം ഓവർസീയർമാർ ആക്രമിക്കപ്പെടുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.